Downloaded From : http://cbseportal.com/

# CENTRAL BOARD OF SECONDARY EDUCATION

**SAMPLE QUESTION PAPER FOR AISSE -TERM I -2021-22**

**(മാതൃകാചോദ്യപേപ്പർ ആദ്യപാദം – 2021– 22)**

**MALAYALAM (മലയാളം) Code : 012**

**STD : X**

**Time allowed : 1 ½ Hrs.** **Maximum Mark: 40**

**അനുവദിച്ച സമയം : 1 ½ മണിക്കൂർ** ആകെ മാർക്ക് : **40**

The question paper is divided into **THREE** sections:

| | | | |
|---|---|---|---|
| Section A | Reading Comprehensions. (M.C.Q) | : | 8 Marks |
| Section B | Vocabulary Building & Grammar (M.C.Q) | : | 12 Marks |
| Section C | Literature (Prose, Poetry ) (M.C.Q) | : | 20 Marks |

## SECTION:A- READING.- 8 MARKS

I. താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡികകൾ വായിച്ച് ഓരോന്നിന്റെയും ചുവടെ തന്നിട്ടുള്ള 5 ചോദ്യങ്ങളിൽ 4 എണ്ണത്തിന് വീതം ശരിയുത്തരം കണ്ടെത്തി എഴുതുക. (ഓരോന്നിനും 1 മാർക്കു വീതം) (4x1=4)

a. സാങ്കേതികമായ പ്രവചനങ്ങളുടെ കാലമാണ് ആഗോളവൽക്കരണത്തിലൂടെ സംജാതമായത്.വിവരസാങ്കേതികവിദ്യകളുടെ അനിതരസാധാരണമായ വികാസം ദൂരം എന്ന യാഥാർത്ഥ്യത്തെ അപ്രസക്തമാക്കി. ക്രമബദ്ധതകളെല്ലാം ഇതോടെ തകർന്നു. ഈ ശിഥിലയാഥാർത്ഥ്യങ്ങളിലേക്ക് വ്യക്തികൾ വലിച്ചിഴയ്ക്കപ്പെട്ടതോടെ അവരുടെ ദേശീയതകളും തകർന്നു. മഹത്തായ സംസ്കാരശൈലികളുടെ തിരോധാനം ആഗോളവൽക്കരണമുണ്ടാക്കിയ ഭീമമായ വിപത്തുകളിലൊന്നാണ്. വിപണിയെ ആശ്രയിച്ചു കഴിയുന്ന ആഗോളവൽകൃത സമൂഹത്തിൽ സംസ്കാരത്തിന്റെ പൊള്ളയായ ആചരണങ്ങൾ മാത്രമാണ് കാണുന്നത്. അവികലമായ സാംസ്കാരിക ലാവണ്യബോധം വിപണിയുടെ ഭാഗമായിത്തീർന്നു. ആഗോളവൽക്കരണം മനുഷ്യനെ ആവശ്യങ്ങളുടെ ഖനിയാക്കി മാറ്റി. ഓരോരുത്തരുടെയും ജീവിതത്തിനുമേൽ അവനവന്റെ പരിധിയിലൊതുങ്ങാത്ത ആവശ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സമ്മർദ്ദമുണ്ട്. അതുകൊണ്ട് എല്ലാവരും എല്ലായ്പോഴും അസംതൃപ്തരും നിരാശരുമാണ്. മൂല്യങ്ങളകലുമ്പോൾ പണവും അധികാരവും മേൽക്കോയ്മ സ്ഥാപിക്കുന്നു. മനുഷ്യന് തന്നിലുള്ള കടിഞ്ഞാൺ നഷ്ടപ്പെടുന്നു എന്നതാണ് ഏറ്റവുംവലിയദുരന്തം.അദൃശ്യരായ വേട്ടക്കാരാൽ വേട്ടയാടപ്പെടുന്ന ഇരകളായി നാം മാറുന്നു. ചെറിയ ഭീതികളിൽനിന്ന് വലിയ ദുരന്തങ്ങളിലേക്ക് ഒരു സമൂഹം വലിച്ചിഴയ്ക്കപ്പെടുന്നത് ആശാവഹമായ പരിണാമമല്ല.

ചോദ്യങ്ങൾ

1. എപ്പോഴാണ് പണവും അധികാരവും മേൽക്കോയ്മ സ്ഥാപിക്കുന്നത് ?

   a. അസംതൃപ്തി വളരുമ്പോൾ,
   b. നിരാശയും അസംതൃപ്തിയും കാരണം,
   c. മൂല്യങ്ങൾ അകലുമ്പോൾ,
   d. പരിധിയിലൊതുങ്ങാത്ത ആവശ്യങ്ങളുടെ സമ്മർദ്ദംകാരണം.



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

2. ദൂരം എന്ന യാഥാർത്ഥ്യം അപ്രസക്തമായത്...........മൂലമാണ്.

   a. സാങ്കേതികമായ പ്രവചനങ്ങൾ മൂലം
   b. വിവരസാങ്കേതിക വിദ്യകളുടെ വികാസം മൂലം
   c. ആഗോളവൽക്കരണം മൂലം
   d. യാത്രാസൗകര്യങ്ങളുടെ വികാസം മൂലം.

3. ആഗോളവത്കൃതസമൂഹം ആരെ ആശ്രയിച്ചാണ് കഴിയുന്നത്?

   a. മൂല്യങ്ങളെ.
   b. ആചാരങ്ങളെ.
   c. ഭരണകൂടങ്ങളെ
   d. വിപണിയെ

4. എല്ലാവരും എല്ലായ്പോഴും അസംതൃപ്തരും നിരാശരുമായിത്തീരാൻ കാരണമെന്താണ്?.

   a. പരിധിയിലൊതുങ്ങാത്ത ആവശ്യങ്ങളുടെ സമ്മർദ്ദംമൂലം,
   b. വേട്ടയാടപ്പെടുന്ന ഇരകളായി മാറുന്നു എന്നതിനാൽ
   c. പൗരാവകാശങ്ങളെപ്പറ്റിയുള്ള ബോധമില്ലായ്മ കാരണം
   d. സാമ്പത്തികമായ പരാധീനതകൾ കാരണം

5. ആഗോളവൽക്കരണം ഉണ്ടാക്കിയ ഭീമമായ ഒരു വിപത്ത് എന്താണ്?

   a. മഹത്തായ സംസ്കാരശൈലികളുടെ തിരോധാനം,
   b. മനുഷ്യന്റെ ഭൗതികജീവിതത്തിന്റെ തകർച്ച
   c. മനുഷ്യനെ തന്റെ ഓർമ്മകളിലേക്ക് മടക്കി കൊണ്ടുവന്നത്
   d. മനുഷ്യന്റെ ഭൂതകാലത്തിന്റെ വേരുകളറുത്ത് നിസ്സഹായനാക്കിയത്.

b. ഖണ്ഡിക വായിച്ച് തന്നിട്ടുള്ള 5 ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം) (4x1=4)

ഇരുപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധംമുതൽ കേരളത്തിൽ പലമേഖലകളിലും പ്രസ്താവ്യമായ പരിവർത്തനങ്ങൾ ഉണ്ടായി. രാഷ്ട്രീയ-സാമൂഹിക-സാംസ്കാരികമേഖലകളിൽ പ്രകടമായ മാറ്റങ്ങൾ, ഗൃഹനിർമ്മാണ സമീപനത്തിലും പ്രതിഫലിച്ചു. ഏതാണ്ട് അരനൂറ്റാണ്ട് മുമ്പുവരെ ഗൃഹനിർമ്മിതിക്ക് അതത് പ്രദേശങ്ങളിൽ സുലഭമായിരുന്ന കളിമണ്ണ്, കല്ല്, കുമ്മായം, മരം, മുള, ഓല, എന്നീ ദ്രവ്യങ്ങളാണ് ഉപയോഗിച്ചുവന്നിരുന്നത്. ഏറെ സാമ്പത്തികഭാരം ഉണ്ടാക്കാതെ സൗകര്യപ്രദമായ വീട് എന്ന സ്വപ്നം യാഥാർഥ്യമാക്കാനും പ്രകൃതിയുമായി ജൈവബന്ധം പുലർത്താനും ഇതുമൂലം കഴിഞ്ഞിരുന്നു.എന്നാലിന്ന് ഗൃഹനിർമ്മിതി യാന്ത്രികവും സമ്പത്ത് പ്രദർശിപ്പിക്കാനുള്ള ഒരുപാധിയുമായി മാറിപ്പോയി. അനിയന്ത്രിതമായ സമ്പത്തും നവോൽപ്പന്നങ്ങളുടെ വലിയതോതിലുള്ള ലഭ്യതയും പാശ്ചാത്യസാങ്കേതികവിദ്യയുടെ പ്രചണ്ഡമായ കടന്നുവരവും വിനാശ കരമായ അനുകരണവാസനയും കൂടിച്ചേർന്നപ്പോൾ വീട് ആർഭാടപ്രദർശനത്തിനും ധനമദം പ്രകാശിപ്പിക്കുവാനുമുള്ള ഇടമായിത്തീർന്നു. മലയാളിയുടെ പാർപ്പിടസങ്കല്പത്തിലും ഇക്കാലത്ത് ത്വരിതഗതിയിൽ മാറ്റങ്ങളുണ്ടായി. ഏകാ



Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

ന്തസുന്ദരമായ ഒരുപറമ്പിൽ പ്രകൃതിയുമായി സമരസപ്പെടുന്ന ഒരു ലളിതഭവനം എന്ന കാഴ്ചപ്പാട് ഇന്നില്ല. ആഗോളീകരണത്തിന്റെയും ഉത്തരാധുനികതയുടെയും വിമാനമേറി സഞ്ചരിക്കുന്ന തിരക്കുപിടിച്ച ആധുനികമനുഷ്യൻ ഇന്ന് സാങ്കേതിക കവിദ്യയുടെയും യാന്ത്രികമായ ഉപഭോഗപരതയുടെയും തടവറയിലാണ്.

<u>ചോദ്യങ്ങൾ</u>

6. ഇന്നത്തെ ഗൃഹനിർമ്മാണത്തിൽ വന്നുചേർന്ന പ്രധാനമാറ്റമെന്താണ്?

a. പ്രകൃതിയുമായി സമരസപ്പെടുന്ന വീടുകൾക്ക് പ്രാധാന്യമേറി.
b. സമ്പത്ത് പ്രദർശിപ്പിക്കാനുള്ള ഉപാധിയായി മാറി.
c. സാമ്പത്തികഭാരമില്ലാത്ത സൗകര്യപ്രദവീട് എന്നസ്വപ്നം യാഥാർഥ്യമായി.
d. ഗൃഹനിർമ്മാണം വെറും യാന്ത്രികമല്ലാത്ത നിർമ്മാണകലയായി.

7. വീട് ആർഭാടപ്രദർശനത്തിനും ധനമദം പ്രകാശിപ്പിക്കുവാനുമുള്ള ഒരു ഇടമായിത്തീർന്നത്തിന്റെ കാരണം താഴെ കൊടുത്തിരിക്കുന്നവയിൽ ഏതല്ല?

a. ഉൽപ്പന്നങ്ങളുടെ ലഭ്യതക്കുറവ്.
b. അനുകരണവാസന.
c. പാശ്ചാത്യസാങ്കേതിക വിദ്യ.
d. അനിയന്ത്രിതമായ സമ്പത്ത്.

8. സാമ്പത്തികഭാരം ഉണ്ടാക്കാതെ സൗകര്യപ്രദമായ വീട് എന്ന സ്വപ്നം യാഥാർഥ്യമാക്കാക്കാൻ സഹായിച്ച വസ്തുക്കളിൽപെടാത്തത് താഴെപ്പറയുന്ന വയിൽ ഏതാണ്?

a. കല്ല്.
b. ചുണ്ണാമ്പ്.
c. കളിമണ്ണ്.
d. കുമ്മായം.

9. മാറ്റം എന്ന അർത്ഥത്തിൽ ഈ ഖണ്ഡികയിൽ പ്രയോഗിച്ചിട്ടുള്ള മറ്റൊരു പദം ഏതാണ്?

a. ഉപാധി.
b. കടന്നുവരവ്.
c. സമരസപ്പെടൽ.
d. പരിവർത്തനം.

10. ഏത് വിമാനത്തിലാണ് ആധുനിക മനുഷ്യന്റെ സഞ്ചാരം?

a. ഉപഭോഗപരതയുടെ,
b. സാങ്കേതികവിദ്യയുടെ,
c. യാന്ത്രികതയുടെ
d. ആഗോളീകരണത്തിന്റെ,



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

**II.** SECTION B- **VOCABULARY & GRAMMAR - 12 MARKS**

a. താഴെ തന്നിരിക്കുന്ന 6 ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. ഓരോന്നിനും 1 മാർക്കു വീതം. (4x1=4)

11. 'വെള്ളായിയപ്പന് ഭാര്യ പൊതിച്ചോറ് നൽകി' - ഈ വാക്യത്തിന്റെ പ്രയോഗം മാറ്റിയ ശരിയായ രൂപം താഴെ തന്നിരിക്കുന്നവയിൽ ഏതാണ്?

a. വെള്ളായിയപ്പൻ ഭാര്യയാൽ പൊതിച്ചോറ് നൽകപ്പെട്ടു.
b. വെള്ളായിയപ്പനാൽ ഭാര്യയ്ക്ക് പൊതിച്ചോറ് നൽകപ്പെട്ടു.
c. ഭാര്യയാൽ വെള്ളായിയപ്പന് പൊതിച്ചോറ് നൽകപ്പെട്ടു.
d. ഭാര്യ വെള്ളായിയപ്പന് പൊതിച്ചോറ് നൽകി.

12. 'ചവിട്ടടിപ്പാത നീണ്ടുപോകുന്നു'- ഈ വാക്യത്തിന്റെ അർഥം മാറാതെയുള്ള ശരിയായ നിഷേധരൂപം ഏതാണ്?

a. ചവിട്ടടിപ്പാത നീണ്ടുപോകുന്നില്ല.
b. ചവിട്ടടിപ്പാത നീണ്ടുപോകാതിരുന്നില്ല.
c. ചവിട്ടടിപ്പാത നീണ്ടുപോകാതിരിക്കുന്നില്ല.
d. ചവിട്ടടിപ്പാത നീണ്ടുപോകുന്നില്ലാതില്ല.

13."ആറാട്ടുകുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യപൗരൻ ചാക്കുണ്ണിയായിരുന്നു":- ഈ വാക്യത്തിന്റെ അർത്ഥം മാറാതെയുള്ള ശരിയായ നിഷേധരൂപം ഏത്?

a. ആറാട്ടുകുന്നിൽ റേഡിയോ വാങ്ങിക്കാത്ത ആദ്യപൗരൻ ചാക്കുണ്ണിയായിരുന്നു.
b. ആറാട്ടുകുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യപൗരൻ ചാക്കുണ്ണിയല്ലായിരുന്നു.
c. ആറാട്ടുകുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യപൗരൻ ചാക്കുണ്ണിയാകാതിരുന്നില്ല.
d. ആറാട്ടുകുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യപൗരൻ ചാക്കുണ്ണിയല്ലാതിരുന്നില്ല.

14. "മത്തായി അലോസരത്തോടെ അയാളെ നോക്കി" :- ഈ വാക്യത്തിന്റെ പ്രയോഗം മാറ്റിയ ശരിയായ രൂപമേത്?

a. അലോസരത്തോടെ അയാളെ മത്തായിയാൽ നോക്കപ്പെട്ടു.
b. അലോസരത്തോടെ മത്തായിയാൽ അയാൾ നോക്കപ്പെട്ടു.
c. അലോസരത്തോടെ മത്തായി അയാളാൽ നോക്കപ്പെട്ടു.
d. മത്തായിയാൽ അലോസരത്തോടെ അയാളെ നോക്കപ്പെട്ടു

15. ചാക്കുണ്ണിയുടെ മനസ്സിൽ ആധിയായിരുന്നു. അർത്ഥം മാറാതെയുള്ള ശരിയായ നിഷേധരൂപമേത്?

a. ചാക്കുണ്ണിയുടെ മനസ്സിൽ ആധിയാവാതിരുന്നില്ല.
b. ചാക്കുണ്ണിയുടെ മനസ്സിൽ ആധിയല്ലാതിരുന്നില്ല .
c. ചാക്കുണ്ണിയുടെ മനസ്സിൽ ആധിയില്ലായിരുന്നു
d. ചാക്കുണ്ണിയുടെ മനസ്സിൽ ആധിയില്ലാതിരുന്നില്ല



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

16. ജയിലിന്റെ പടിയ്ക്കൽ പാറാവുകാരനാൽ വെള്ളായിയപ്പൻ തടയപ്പെട്ടു:- പ്രയോഗം മാറ്റിയ ശരിയായ രൂപം എടുത്തെഴുതുക

a. ജയിലിന്റെ പടിയ്ക്കൽ പാറാവുകാരനെ വെള്ളായിയപ്പൻ തടഞ്ഞു
b. ജയിലിന്റെ പടിയ്ക്കൽ പാറാവുകാരനാൽ വെള്ളായിയപ്പനെ തടയപ്പെട്ടു
c. ജയിലിന്റെ പടിയ്ക്കൽ പാറാവുകാരൻ വെള്ളായിയപ്പനെ തടഞ്ഞു .
d. ജയിലിന്റെ പടിയ്ക്കൽ പാറാവുകാരനാൽ വെള്ളായിയപ്പനെ തടഞ്ഞു.

b. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന്റെ ശരിയുത്തരങ്ങൾ കണ്ടെത്തി എഴുതുക (8x1=8)

17. പ്രാണി - എന്ന പദത്തിന്റെ എതിർലിംഗം എന്താണ്?

a. പ്രാണൻ b. പ്രാണിനി c. പ്രാണികൾ d. പ്രാണവാൻ

18. 'ഭ്രാതാവ്' എന്ന പദത്തിന്റെ പര്യായപദം താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

a. തനയൻ. b. തോഴൻ. c.സഹജൻ. d.ചങ്ങാതി

19. വിയോഗം- എന്നതിന്റെ വിപരീതപദം ഏത്? .

a. അയോഗം. b. സംയോഗം. c. സുയോഗം. d. നിയോഗം.

20. നിനവ് - നനവ് എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ്?

a. ചിന്ത- ഓർമ്മ. b. വിചാരം- ഈറൻ.

c. നിന്റെ- നനഞ്ഞത്. d. കിനാവ്- മറവി

21. 'അന്യജീവൻ' എന്ന സമസ്തപദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമേത് ?

a. അന്യമായ ജീവൻ. b. അന്യനുള്ള ജീവൻ.

c. അന്യനിലെ ജീവൻ. d. അന്യന്റെ ജീവൻ

22. 'യതി' എന്നതിന്റെ നാനാർത്ഥപദമല്ലാത്തത് ഏത്?

a. വടി. b. സന്യാസി. c. ഹിമമനുഷ്യൻ. d. വിരാമം.

23. `ചോറ്' എന്നതിന്റെ പര്യായപദമല്ലാത്തത് ഇവയിലേതാണ്?

a. ഓദനം. b. അന്നം. c. ഭക്തം. d. ഉണ്മ.

24. 'കാണാവുന്നത്" എന്നതിന്റെ ഒറ്റപ്പദം താഴെത്തന്നിരിക്കുന്നവയിൽ ഏതാണ്?

a. ദർശനം. b. ദൃഷ്ടി. c. ദൃശ്യം. d. ദ്രഷ്ടാവ്.

25. 'പനമ്പട്ട' എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ...................ആണ്

(a. പന + പട്ട, b. പനൻ +പട്ട, c. പനം + പട്ട, d. പനമ്പ് + പട്ട)

26. തന്നിരിയ്ക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക

a. അസ്തമയം. b. അസ്തമനം. c. അസ്ഥമനം. d. അസ്തമാനം.



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

SECTION:- C - 20 MARKS.

**III. (a).** തന്നിരിക്കുന്ന 12 ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന്റെ ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം) (10 x 1=10)

27. ഭാവശാലികൾ പിരിഞ്ഞുകൂടിയാലുള്ള സുഖോദയം എങ്ങനെയുള്ളതായിരിക്കുമെന്നാണ് കുമാരനാശാൻ പറയുന്നത്?

a. വിമലം. b. വിഫലം. c. വികലം. d. വിരളം

28. താഴെ തന്നിരിക്കുന്നവയിൽ സാദൃശ്യകൽപ്പന വന്നിട്ടുള്ളത് എവിടെയാണ്?

a. ക്ഷണപ്രഭാചഞ്ചലം b. കാലാഹി.

c. മാനസതാര് d. സംസാരസാഗരം

29. 'നളിനി' എന്ന കൃതിയുടെ മറ്റൊരു പേരെന്ത്?

a. താമര b.ഒരു സ്നേഹം. c.ഒരു സ്നേഹഗീതം d.ഒരു സ്നേഹകാവ്യം.

30. തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ ജീവിച്ചിരുന്ന കാലം ഏതാണ്?

a. പതിനഞ്ചാം നൂറ്റാണ്ട്. b. പത്തൊമ്പതാം നൂറ്റാണ്ട്.

c. പതിനാറാം നൂറ്റാണ്ട്. d. പതിനേഴാം നൂറ്റാണ്ട്.

31. 'നളിനി' എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽ പെടുന്നു.?

a. മഹാകാവ്യം. b. ഖണ്ഡകാവ്യം. c. വിലാപകാവ്യം, d. സന്ദേശകാവ്യം.

32. "ആരതെന്നുടനറിഞ്ഞു കൗതുകം പാരമാർന്നു" - ആർക്കാണ് കൗതുകം വർധിച്ചത്?

a. നളിനിക്ക്. b. ദിവാകരന്. c. സന്യാസിനിക്ക്. d. വിവേകികൾക്ക്.

33. ദിവാകരൻ ദർശിക്കുന്ന കണ്ണീരണിഞ്ഞ നളിനിയുടെ മുഖത്തെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?

a. ഉദിച്ചുയരുന്ന സൂര്യനോട്
b. .മഞ്ഞണിഞ്ഞ പനിനീർപ്പൂവിനോട്.
c. ഭൂരിബാഷ്പപരിപാടലത്തോട്.
d. ഒരു ഇളംകുരുന്നിനോട്

34. "ലക്ഷ്മണസാന്ത്വനം" എന്ന പാഠഭാഗത്ത് ഉപയോഗിച്ചിട്ടുള്ള കിളിപ്പാട്ട് വൃത്തമേത്?

a. കാകളി. b. കളകാഞ്ചി. c. കേക. d. മണികാഞ്ചി.

35. താഴെപ്പറയുന്നവയിലേതാണ് അധ്യാത്മരാമായണം കിളിപ്പാട്ടുകാരന്റെ വിശേഷണം അല്ലാത്തത്?

a. ഭക്തിപ്രസ്ഥാനത്തിന്റെ പ്രയോക്താവ്.
b. കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്.
c. ആധുനിക കവിത്രയത്തിൽ പ്രമുഖൻ.
d. ആധുനിക മലയാളഭാഷയുടെ പിതാവ്.



Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

36."ക്രോധം പരിത്യജിക്കേണം ബുധജനം":- ഇതിന് കാരണമായി പറയാത്തത് തന്നിരിക്കുന്നവയിൽ ഏത് ?

a. ക്രോധം മനസ്താപമുണ്ടാക്കും.
b. ക്രോധം ധർമ്മക്ഷയകരമാണ്.
c. ക്രോധം മോക്ഷദായകമാണ്.
d. ക്രോധം സംസാരബന്ധനകാരണമാണ്.

37. രോഷം കൊണ്ട് ആർക്കാണ് ദോഷംവന്നു ഭവിക്കുന്നത്?

a. മോക്ഷാർത്ഥികൾക്ക്, b. ക്രോധവാന്മാർക്ക്.

c. ബുധന്മാർക്ക്. d. ദേഹാഭിമാനികൾക്ക്.

38. "ഏകുമർത്ഥിയാം പ്രാണിതൻ

ഹിതമൊരിയ്ക്കലീശ്വരൻ" എന്ന നളിനിയുടെ വാക്കുകളിൽ പരാമർശിക്കപ്പെടുന്ന ഹിതം എന്തായിരുന്നു?

a. ദിവാകരദർശനം, b. സന്യാസജീവിതം,

c. ഗൃഹസ്ഥജീവിതം, d. മോക്ഷപ്രാപ്തി.

**(b).** തന്നിരിക്കുന്ന 12 ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.(ഓരോന്നിനും 1 മാർക്കു വീതം) (10x1=10)

39. "ഒരച്ച് നോക്കാണ്ടന്നെ പറയും, ഇത്ര ചെമ്പ്, ഇത്ര സ്വർണ്ണം!" :- ആരുടെ കഴിവാണ് ഇവിടെ പരാമർശിക്കുന്നത്?

a. മത്തായിമാപ്പിളയുടെ. b.ചാക്കുണ്ണിയുടെ.

c. ചാക്കോരുമാപ്പിളയുടെ. d. മരയ്ക്കാരുടെ.

40."രണ്ടുവാക്കുകൾ മാത്രം, രണ്ടുവാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്. ദുഃഖത്തിൽ മൗനത്തിൽ അവർ അറിവുകൾ കൈമാറി" :- ആരൊക്കെയാണ് ഈ സന്ദർഭത്തിലെ കഥാപാത്രങ്ങൾ.

a. വെള്ളായിയപ്പനും നീലിയും. b. വെള്ളായിയപ്പനും മരയ്ക്കാരും,

c. വെള്ളായിയപ്പനും പോലീസുകാരനും.d. വെള്ളായിയപ്പനും കണ്ടുണ്ണിയും

41. അത്തരം ഏർപ്പാടുകൾക്കൊക്കെ പരിമിതി ഉണ്ടായിരുന്നു. ഏതുതരം ഏർപ്പാടുകളുടെ കാര്യമാണ് പറയുന്നത്?

a. പണയമുതൽ തിരികെയെടുക്കുന്നത്.
b. കുട്ടികൾക്ക് ചികിത്സ നൽകുന്നത്.
c. പണം സമ്പാദിക്കുന്നത്.
d. മുൻകൂട്ടി തുന്നൽകൂലി വാങ്ങുന്നത്.

42. കോടച്ചി എന്തിനുവേണ്ടിയായിരുന്നു ആ പൊതിച്ചോറ് കെട്ടിയത്.?

a. വെള്ളായിയപ്പന് കഴിക്കാൻ വേണ്ടി.
b. കണ്ടുണ്ണിയ്ക്ക് കൊടുക്കാൻ വേണ്ടി.
c. ബലിക്കാക്കകൾക്ക് കൊടുക്കാൻ.
d. മകന് അന്ത്യകർമ്മം ചെയ്യാൻ വേണ്ടി



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

43. റേഡിയോ വാങ്ങാൻ പുറപ്പെട്ട ചാക്കുണ്ണിയോട് നാട്ടുകാരുടെ മനോഭാവമെന്തായിരുന്നു,

a. ആദരവ്. b. അസൂയ. c. കോപം. d.വിരോധം.

44. ''സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗംതന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ അയാൾക്കു തോന്നി" എപ്പോഴാണ് അങ്ങനെ തോന്നിയത്?

a. മകന് രോഗംവന്ന് മരിച്ചപ്പോൾ. b. ജയിലിൽനിന്ന് തിരികെപ്പോരുമ്പോൾ

c. റേഡിയോ പണയം വച്ചപ്പോൾ. d. കണ്ടുണ്ണി തൂക്കിലേറ്റപ്പെട്ടപ്പോൾ.

45. 'എന്റെ ഉള്ളു പൊട്ടുന്നു, പ്രാണൻ പറിയുന്നു'- ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്ന അനുഭവമെന്ത്?

a. മരണഭയം. b. സമൂഹത്തോടുള്ള ഈർഷ്യ.

c. കഠിനമായ ദുഃഖം d. നിസ്സഹായത

46. റേഡിയോ ഇല്ലാതായപ്പോൾ ചാക്കുണ്ണിക്കുണ്ടായ അനുഭവങ്ങളിൽപ്പെടാത്തത് ഇവയിൽ ഏതാണ്?

a. അജ്ഞാതമായ പാട്ടിനു കാതോർത്തു.
b. തുണികളിലൂടെ കത്രിക തെറ്റിസഞ്ചരിച്ചു.
c. ആൾക്കൂട്ടത്തിനിടയിൽ ഏകാന്തത തോന്നി.
d. അളവുകൾ തെറ്റാതെ ഉടുപ്പുതുന്നി

47. തന്നിരിക്കുന്നവയിൽ ഒ.വി. വിജയൻ രചിച്ചതല്ലാത്ത കൃതിയേത്?

a. കാറ്റുപറഞ്ഞ കഥ. b. ഗുരുസാഗരം.

c. നീർമാതളംപൂത്തകാലം. d. തലമുറകൾ

48. തന്നിരിക്കുന്നവയിൽ ഇ. സന്തോഷ് കുമാറിന്റെ രചനയല്ലാത്ത കൃതിയേത്?

a. അന്ധകാരനഴി b. പ്രവാചകന്റെ വഴി.

c ചാവുകളി d. കാക്കരദേശത്തെ ഉറുമ്പുകൾ

49. ചാക്കുണ്ണിയുടെ റേഡിയോയ്ക്ക് മത്തായിമാപ്പിള ഇട്ട നമ്പർ എത്രയായിരുന്നു?

a. നൂറ്റി ഇരുപത്. b. നൂറ്റി ഇരുപത്തിയേഴ്

c. നൂറ്റി ഇരുപത്തൊമ്പത് d. നൂറ്റി ഇരുപത്തൊന്ന്

50. താഴെക്കൊടുത്തിരിക്കുന്നവയിൽ ഒ. വി. വിജയന് കേരളസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതിയേത് ?

a. ഖസാക്കിന്റെ ഇതിഹാസം. b. ധർമ്മപുരാണം.

c. ഗുരുസാഗരം. d. കടൽത്തീരത്ത്

********************



Downloaded From : http://cbseportal.com/ Courtesy : CBSE